**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 – മണ്ണാർക്കാട് നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള റോഡ് പ്രവൃത്തികൾ - ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.723/2017/തസ്വഭവ തിരുവനന്തപുരം, തീയതി :16 .03.2017.**

---

പരാമർശം :- (1) ജി.ഒ.(സാധാ)നം. 332/12/ധന തീയതി 11/06/2012

(2) ബഹു. അഡ്വക്കേറ്റ്. എൻ.ഷംസുദ്ദീൻ, എം.എൽ.എയുടെ 26/09/2016 ലെ കത്ത്

(3) സ്റ്റീൽ ഇന്റസ്ട്രീയൽസ് കേരള ലിമിറ്റഡ്, ജനറൽ മാനേജരുടെ (പ്രോഡക്റ്റ് എൻജിനീയർ) 30/11/2016 ലെ കത്ത്

**ഉത്തരവ്**

പരാമർശം (2) പ്രകാരം മണ്ണാർക്കാട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ.എൻ.ഷംസുദ്ദീൻ എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും "മണ്ണാർക്കാട് മണ്ഡലത്തിൽ കുമരംപുത്തൂർ, തെങ്കര ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കുന്തിപ്പുഴയ്ക്ക് കുറുകെ തൂക്കുപാലം നിർമ്മാണം" എന്ന പ്രവൃത്തി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, സിൽക് നഗർ, അത്താണി, തൃശ്ശൂർ മുഖേന നടപ്പിലാക്കുന്നതിന് അടങ്കൽ തുകയായ 79,96,395/- രൂപയ്ക്ക് ഭരണാനുമതിക്ക് വേണ്ടി അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പ്രതിനിധീകരിക്കുന്ന അഡ്വ.എൻ.ഷംസുദ്ദീൻ എം.എൽ.എ യുടെ 2016-17 ലെ ആസ്തിവികസന പദ്ധതിയിൽ നിന്നും "മണ്ണാർക്കാട് മണ്ഡലത്തിൽ കുമരംപുത്തൂർ, തെങ്കര ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കുന്തിപ്പുഴയ്ക്ക് കുറുകെ തൂക്കുപാലം നിർമ്മാണം" എന്ന പ്രവൃത്തി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, സിൽക് നഗർ, അത്താണി, തൃശ്ശൂർ മുഖേന നടപ്പിലാക്കുന്നതിന് അടങ്കൽ തുകയായ 79,96,395/- രൂപ അനുവദിച്ച കൊണ്ട് ഉത്തരവാകുന്നു. പരാമർശം (1)ലെ സർക്കാർ ഉത്തരവും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 6% Service tax അനുവദനീയമല്ല എന്ന നിബന്ധനയോടെ ഭരണാനുമതി നൽകുന്നു.

3. ഇതു സംബന്ധിച്ച ചെലവ് '**4515-00-800-96-projects** under **എൽ.എ.സി-എ.ഡി.എസ്**' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

അഡ്വ.എൻ.ഷംസുദ്ദീൻ എം.എൽ.എ ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, പാലക്കാട്
ജനറൽ മാനേജർ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, സിൽക് നഗർ, അത്താണി, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
സെക്രട്ടറി, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, തെങ്കര ഗ്രാമപഞ്ചായത്ത്
ഫിനാൻസ് വകുപ്പ് (അനൗദ്യോഗിക കത്ത് നം. .1059185/എൻ.സി.സി.2/2016/ധന തീയതി 7.3.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

Forwarded/By Order
Haradadevi
Section Officer